#IIMKinMedia

Date: September 27, 2026

Newspaper: Mathrubhumi, pg. 06

# ദേബാശിഷ് ചാറ്റർജിയുടെ കവിതകൾ പ്രണയത്തിന്റെ മനോഹാരിത നിറഞ്ഞത് -ശശി തരൂർ

**കോഴിക്കോട്▸** പ്രണയം അതിന്റെ എല്ലാ മനോഹാരിതയിലും നിറഞ്ഞ കവിതകളാണ് കോഴിക്കോട് ഐ.ഐ.എം. ഡയറക്ടർ പ്രൊഫ. ദേബാശിഷ് ചാറ്റർജിയുടേതെന്ന് ശശിതരൂർ എം.പി. ദേബാശിഷ് ചാറ്റർജിയുടെ 'സെവൻ ഷെയ്ഡ്സ് ഓഫ് ലവ്' എന്ന കവിതകളുടെ സമാഹാരം പ്രകാശനംചെയ്യുകയായിരുന്നു അദ്ദേഹം.

സ്നേഹത്തിന് പലതലങ്ങളുണ്ട്. അമ്മയ്ക്ക് കുഞ്ഞിനോട് തോന്നുന്നതും ഒരു ചെടി നടുമ്പോൾ പ്രകൃതിയോട് തോന്നുന്നതുമെല്ലാം സ്നേഹമാണ്. പ്രണയത്തെ പ്രണയബന്ധങ്ങളിൽമാത്രം ഒതുക്കാതെ സൗഹൃദം, കുടുംബം, മനുഷ്യരാശി, പ്രകൃതി, അസ്തിത്വം എന്നിവയിലേക്കും ദേബാശിഷിന്റെ കവിതകൾ വ്യാപിപ്പിക്കുന്നുണ്ട്. പ്രണയത്തിന്റെ ബഹുമുഖ സ്വഭാവത്തിൽനിന്നാണ് ഏഴ് ഭാവങ്ങൾ രൂപപ്പെട്ടതെന്നും അതിന്റെ പര്യവസാനം സ്വാതന്ത്ര്യത്തിലാണെന്നും ശശി തരൂർ പറഞ്ഞു. നിയന്ത്രിക്കാതെയുള്ള കരുതലായും ഉടമസ്ഥാവകാശം അവകാശപ്പെടാതെ അടുത്തുനിൽക്കാനുള്ള കഴിവായുമാണ് അദ്ദേഹം പ്രണയത്തെ കണ്ടെതെന്നും ശശി തരൂർ പറഞ്ഞു.

അക്കാദമിക്, ഔദ്യോഗിക ജീവിതത്തിൽനിന്ന് വ്യത്യസ്തമായ ഒരു സർഗാത്മക ഇടമാണ് കവിത തനിക്കു നൽകിയതെന്ന് പ്രൊഫ. ദേബാശിഷ് ചാറ്റർജി പറഞ്ഞു. ജോലിയുടെ വിരസതയിൽനിന്ന് ഒഴിഞ്ഞുമാറാനുള്ള ഒരു മാർഗമാണ് എഴുത്ത്. 'സെവൻ ഷേഡ്സ് ഓഫ് ലവ്' തന്റെ ആദ്യ കവിതകൾ പ്രസിദ്ധീകരിക്കാതെ ഐ.സി.യു.വിലായിരുന്നു. അമ്മ കാരുണ ചാറ്റർജിക്കാണ് പുസ്തകം സമർപ്പിക്കുന്നത്. അമ്മയുടെ ആദ്യത്തെ ആലിംഗനത്തിന്റെ താളമാണ് കവിതയുടെ ആദ്യ താളമെന്നും ദേബാശിഷ് ചാറ്റർജി പറഞ്ഞു.



▶ കോഴിക്കോട് ഐ.ഐ.എം. ഡയറക്ടർ പ്രൊഫ. ദേബാശിഷ് ചാറ്റർജിയുടെ കവിതാസമാഹാരം 'സെവൻ ഷേഡ്സ് ഓഫ് ലൗ' ശശി തരൂർ എം.പി പ്രകാശനംചെയ്യപ്പോൾ. പ്രൊഫ. ദേബാശിഷ് ചാറ്റർജി സമീപം